**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2038** **29-09-2025 - ൽ മറുപടിയ്ക്ക്**

**തെരുവ് നായകളുടെ ആക്രമണം നിയന്ത്രിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ വി ശശി,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തെരുവ് നായകളുടെ ആക്രമണം വർദ്ധിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | തെരുവ് നായകളുടെ എണ്ണം കുറയ്ക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാമിന്റെ ഭാഗമായി തെരുവ് നായകളുടെ വന്ധ്യംകരണത്തിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി എബിസി പദ്ധതി നടപ്പിലാക്കി വരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യം ഉപയോഗിച്ചുകൊണ്ടും കരാറടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടർമാർ, ഡോഗ് ക്യാച്ചർമാർ, അറ്റൻഡന്റ് എന്നിവരെ നിയോഗിച്ചു കൊണ്ടും എ.ബി.സി പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ 18 എബിസി സെന്ററുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ എബിസി സെന്ററുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്തെ തെരുവുനായകൾക്ക് പ്രത്യേകമായി വാക്സിനേഷൻ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | സംസ്ഥാനത്ത് തെരുവ്നായ ശല്യം രൂക്ഷമായ സാഹചര്യത്തിൽ സർക്കാർ സമഗ്ര പേവിഷ പ്രതിരോധ വാക്സിനേഷൻ പദ്ധതി (RFKVC - റാബീസ് ഫ്രീ കേരള വാക്സിനേഷൻ ക്യാമ്പയിൻ) ആവിഷ്കരിച്ചിട്ടുണ്ട്. 2025 ആഗസ്റ്റ് മാസം 1 മുതൽ തെരുവ് നായകൾക്കും സെപ്റ്റംബർ 1 മുതൽ വളർത്തു നായകൾക്കും വാക്സിനേഷൻ നൽകിവരുന്നുണ്ട്. 2025 ഫെബ്രുവരി മാസം സംസ്ഥാനത്ത് 10 ലക്ഷം ഡോസ് ആന്റി റാബീസ് വാക്സിനും അനുബന്ധ സാമഗ്രികളും വാങ്ങി സംസ്ഥാനത്തെ എല്ലാ മൃഗാശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. 2025 ജനുവരി മുതൽ ആഗസ്റ്റ് വരെ സംസ്ഥാനത്ത് 53,799 തെരുവുനായകൾക്ക് കുത്തിവയ്പ്പ് നൽകിയിട്ടുണ്ട്. തെരുവ്നായകളുടെയും |

| | | | |
|---|---|---|---|
| | | | വളർത്തു നായകളുടെയും കടിയേൽക്കുന്ന മൃഗങ്ങൾക്ക് Post Exposure Vaccination (പോസ്റ്റ് എക്സ്പോഷർ വാക്സിനേഷൻ) ഷെഡ്യൂൾ പ്രകാരം നൽകിവരുന്നു. 2025 ജനുവരി മുതൽ ആഗസ്റ്റ് വരെ സംസ്ഥാനത്ത് ആകെ 88,627 Post Exposure Vaccination (പോസ്റ്റ് എക്സ്പോഷർ വാക്സിനേഷൻ) നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഏകദേശം 400 മൃഗാശുപത്രികൾ വഴി തെരുവ് നായകൾക്കുള്ള വാക്സിനേഷൻ കാമ്പയിനുകൾ നടത്തിവരുന്നു. |
| (ഡി) | തെരുവ് നായകളുടെ വന്ധ്യംകരണത്തിനായി പോർട്ടബിൾ മൊബൈൽ എ. ബി. സി. (അനിമൽ ബർത്ത് കൺട്രോൾ) കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | തെരുവുനായ നിയന്ത്രണത്തിനായി മൃഗസംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, NDDB, CAWA, എന്നിവരുടെ സഹകരണത്തോടെ തിരുവനന്തപുരം ജില്ലയിൽ ഒരു പൈലറ്റ് പ്രോജക്ടായി 'പോർട്ടബിൾ എബിസി' സെന്റർ സ്ഥാപിയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2025 ഒക്ടോബർ മാസത്തോടെ നെടുമങ്ങാട് ആസ്ഥാനമാക്കി ഈ പദ്ധതി ആരംഭിക്കും. നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ (NDDB) സബ്സിഡിയറി കമ്പനിയായ ഇൻഡ്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡിന്റെ CSR ഫണ്ടുപയോഗിച്ച് കൊണ്ടാണ് ഈ പ്രോജക്ട് ആരംഭിക്കുന്നത്.<br><br>ഇതിന് പുറമെ മൃഗസംരക്ഷണ വകുപ്പിന്റെ നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ 2 കോടി രൂപ പോർട്ടബിൾ എ.ബി.സി പദ്ധതിയ്ക്കായി മാറ്റിവച്ചിട്ടുണ്ട്. ഇതുപയോഗിച്ച് സംസ്ഥാനത്ത് 7 പോർട്ടബിൾ എ. ബി. സി യൂണിറ്റുകൾ കൂടി സജ്ജീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ